# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3676 15/12/2014 ൽ മറുപടിയ്ക്ക്

### ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| എ) ഗവണ്മെന്റ് സെക്രട്ടറിയേറ്റ്, പി.എസ്.സി, എന്നിവിടങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉശപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ; | എ) | ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ താഴ്ന്ന വരുമാനക്കാരായ ജീവനക്കാരെ കേരളാ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| ബി) നിലവിൽ ഏതു രീതിയിലാണ് നിയമനം നടക്കുന്നത് എന്ന് വ്യക്തമാക്കുമോ; | ബി) | നിലവിൽ ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന ഉദ്യോഗാർത്ഥികളെയാണ് സെക്രട്ടേറിയറ്റിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി നിയമിക്കുന്നത്. |
| സി) സബോർഡിനേറ്റ് സർവ്വീസിൽ നിയമിക്കുന്നത് മൂലം ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിലേക്ക് മറ്റ് ജില്ലകളിൽ നിന്നും ഉള്ളവർക്കുള്ള അവസരം നിഷേധിക്കപ്പെടും എന്ന ആക്ഷേപം ശ്രദ്ധയിതപ്പെട്ടിട്ടുണ്ടോ;<br><br>ഡി) എങ്കിൽ ഇക്കാര്യം കൂടി പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | (സി) യും (ഡി) യും<br><br>ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയാലും പി.എസ്.സി. സംസ്ഥാനതലത്തിൽ അപേക്ഷ ക്ഷണിച്ച്, പരീക്ഷ നടത്തി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കും നിയമനം നടത്തുക എന്നതിനാൽ ഒരു ജില്ലയിലെ ഉദ്യോഗാർത്ഥികൾക്കും അവസരം നിഷേധിക്കപ്പെടുന്ന അവസ്ഥ ഉണ്ടാവുകയില്ല. |

സെക്ഷൻ ആഫീസർ